പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2338 27-10-2026-ൽ മറുപടിയ്ക്ക്

ചെറുകിട വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഷ്ണാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ഉൽപാദന മേഖലയുടെ നാല്പത് ശതമാനവും സംഭാവന ചെയ്യുന്ന ചെറുകിട വ്യവസായ മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

മറുപടി: ചെറുകിട വ്യവസായ മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ, മൂലധന ലഭ്യത കുറവ്, വൻകിട കമ്പനികളിൽ നിന്നും വിദേശ ഉൽപ്പന്നങ്ങളിൽ നിന്നുമുള്ള മത്സരം, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും, കാലഹരണപ്പെട്ട സാങ്കേതികവിദ്യയുടെ ഉപയോഗം, ഉൽപ്പന്നങ്ങളുടെ വില ലഭിക്കുന്നതിലെ കാലതാമസം എന്നിവ ഈ മേഖലയിലെ പ്രധാന വെല്ലുവിളികളാണ്. ഇവ മറികടക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് മുഖേന വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കിവരുന്നു.

(ബി) ചെറുകിട വ്യവസായികൾ നേരിടുന്ന മൂലധന ലഭ്യത കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ ബിസിനസ് തുടങ്ങുവാനും വികസിപ്പിക്കുവാനും വായ്പ കൃത്യമായി ലഭിക്കാതിരിക്കുന്നത് കാരണം ഇവർ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിന് വിധേയമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. വായ്പ ലഭ്യമാക്കുന്നതിനായി അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർമാർ മുഖേന ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സഹിതമുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് ശുപാർശ ചെയ്യുന്നുണ്ട്. കൂടാതെ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണം ഒഴിവാക്കുന്നതിനും സംരംഭങ്ങളുടെ മൂലധന ലഭ്യത ഉറപ്പാക്കുന്നതിനും സംരംഭക സഹായ പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി പദ്ധതി എന്നിവ മുഖേന സബ്സിഡി സഹായവും നൽകിവരുന്നു.

(സി) ചെറുകിട വ്യവസായികൾക്ക് ലഘു പലിശ നിരക്കിൽ മൂലധന ലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

മറുപടി: ചെറുകിട വ്യവസായികൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിവരുന്നു. ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എടുക്കുന്ന 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക്, പലിശനിരക്കിൽ 4 ശതമാനത്തിന് മുകളിലുള്ള തുകയിൽ പരമാവധി 6 ശതമാനം വരെ പലിശയിളവ്

നൽകുന്നു. വായ്പ അനുവദിച്ച തീയതി മുതൽ അഞ്ചു വർഷം വരെ ലഭിക്കുന്ന ഈ ആനുകൂല്യം, അടച്ച പലിശ തിരികെ നൽകുന്ന രീതിയിലാണ് നടപ്പിലാക്കുന്നത്.

(ഡി) ചെറുകിട വ്യവസായികൾക്ക് തങ്ങളുടെ ഉത്പന്നങ്ങൾ മികച്ച രീതിയിൽ ബ്രാൻഡ് ചെയ്യാനും കൂടുതൽ ആളുകളിലേക്ക് എത്തിക്കാനുമുള്ള വിപണന തന്ത്രങ്ങൾ സംബന്ധിച്ച് അവബോധം നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

മറുപടി: കേരള ബ്രാൻഡ് പദ്ധതിയിലൂടെ ഗുണനിലവാരവും വിശ്വാസ്യതയുമുള്ള ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡ് തിരിച്ചറിയൽ നൽകുന്നു. കൂടാതെ, വിപണന പ്രദർശനങ്ങൾ, വ്യാപാരമേളകൾ, RAMP പദ്ധതിയുടെ ഭാഗമായുള്ള പരിശീലന പരിപാടികൾ എന്നിവയിലൂടെ സംരംഭകർക്ക് ബ്രാൻഡിങ്, പാക്കേജിങ്, ഡിജിറ്റൽ മാർക്കറ്റിങ്, വിപണന തന്ത്രങ്ങൾ എന്നിവയിൽ അവബോധം നൽകുന്നു. ONDC,GeM പോർട്ടലുകളിൽ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തുന്നതിനും ഓൺലൈൻ വിപണനത്തിലൂടെ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന സഹായം നൽകിവരുന്നു.

(ഇ) ചെറുകിട വ്യവസായികളുടെ ഉത്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഉയർത്തുന്നതിനും കൂടുതൽ വിപണികൾ കണ്ടെത്തുന്നതിനും പഠന മേൽനോട്ട പ്രവർത്തനങ്ങൾക്കായി ഒരു ഗവേഷണ സ്ഥാപനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ?

മറുപടി: ചെറുകിട വ്യവസായികൾക്കായി പ്രത്യേക ഗവേഷണ സ്ഥാപനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. എന്നാൽ, പുതിയ വ്യവസായ നയപ്രകാരം ഗവേഷണ-വികസന (R&D) പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകർക്ക് ഒരു കോടി രൂപ വരെ സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ